LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കണ്ണൂർ ടൗൺ ആസ്ഥാനമാക്കി ഒരു ഇൻഫർമേഷൻ കിയോസ്ക് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും അനുബന്ധ വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കുമായി കണ്ണൂർ ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ജില്ലാ ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭാഷാ പത്രങ്ങളിലെ പരസ്യങ്ങൾ

165 (2862) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മറ്റ് ഭാഷകളിലെ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ഭാഷകളിൽ ഏതൊക്കെ സംസ്ഥാനത്താണ് പരസ്യങ്ങൾ നൽകിയിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കന്നട, തമിഴ് ഭാഷകളിൽ കർണ്ണാടക, തമിഴ്നാട്, കേരള സംസ്ഥാനങ്ങളിലാണ് പ്രദർശന പരസ്യങ്ങൾ നൽകിയിരിക്കുന്നത്. കൂടാതെ ദ ഹിന്ദു, എക്കണോമിക് ടൈംസ്, ടൈംസ് ഓഫ് ഇന്ത്യ, ഹിന്ദുസ്ഥാൻ ടൈംസ്, ഇൻഡ്യൻ എക്സ്പ്രസ് എന്നീ ഇംഗ്ലീഷ് പത്രങ്ങളുടെ ഡൽഹി എഡിഷനിലും ബിസിനസ് ലൈനിന്റെ ഓൾ ഇൻഡ്യ എഡിഷനിലും ഇംഗ്ലീഷിൽ പരസ്യം നൽകിയിരുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

166 (2863) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് കഴിഞ്ഞ വർഷം (2010-11) സംസ്ക്കാരം, വിദ്യാഭ്യാസം, സാമൂഹിക വ്യവസ്ഥിതി, പരമ്പരാഗത കലകൾ എന്നീ വിഷയങ്ങളെക്കുറിച്ച് എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു ;

(ബി) പ്രസിദ്ധീകരിച്ചവയുടെ പേരുവിവരം നൽകാമോ ;

(സി) 2011-12-ൽ പ്രസ്തുത വിഷയത്തിലെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നത് സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) 9 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

(ബി)

1. കേരള-ആൻ ഓതന്റിക് ഹാൻഡ് ബുക്ക്
2. മത്സ്യത്തൊഴിലാളികൾക്കൊരു കൈപ്പുസ്തകം
3. ലഹരി വിരുദ്ധ ബോധവത്ക്കരണം
4. അതിജീവനത്തിന്റെ നേർക്കാഴ്ച-സംസ്ഥാന മാധ്യമ അവാർഡ്-2009
5. എനർജി മാനേജ്മെന്റ്
6. അറിയാനുള്ള അവകാശനിയമം
7. കേസരി ബാലകൃഷ്ണപിള്ള-കർമ്മവീര്യത്തിന്റെ സൂര്യശോഭ
8. കേരള നിയമസഭാ തെരഞ്ഞെടുപ്പ്-2011
9. വൈദ്യുതി സംരക്ഷണം വീടുകളിൽ.

(സി) 2011-12-ൽ പ്രസ്തുത വിഷയത്തിൽ താഴെ പറയുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

1. ഫോക്ക്‌ലോർ -ഐഡന്റിറ്റി ഓഫ് കൾച്ചർ
2. ഹെറിറ്റേജ് സീരിസിൽ വയനാട് ജില്ല
3. കേരള ഹാൻഡ് ബുക്ക്
4. ശൈലീപുസ്തകം
5. ഭരണ ഭാഷാ മലയാളം (പുനഃപ്രസാധനം)
6. മാധ്യമ അവാർഡ്-2011.

### സി-ഡിറ്റിലെ നിയമനങ്ങൾ

167 (T 2864) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ എത്ര നിയമനങ്ങൾ നടത്തിയെന്നു വ്യക്തമാക്കുമോ ;

(ബി) നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ?

---

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly